## തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

**കോവിഡ്-19**

# വാഴോട്ട്കോണം, പൂജപ്പുര, വെള്ളാർ, വാർഡുകളിലെ പുതിയ കണ്ടയിൻമെന്റ് സോണുകളായ പ്രദേശങ്ങൾ അടച്ചു.

## വിലക്ക് ലംഘനം: 23 പേർക്കെതിരെ കേസ്. മാസ്ക് ധരിക്കാത്ത 119 പേർക്കെതിരെയും സാമൂഹിക അകലം പാലിക്കാത്ത 18 പേർക്കെതിരെയും നിയമ നടപടി

## 27,400/- രൂപ പിഴ ഈടാക്കി.

തിരുവനന്തപുരം:- തലസ്ഥാനത്ത് പുതുതായി മൈക്രോ കണ്ടയിൻമെന്റ് സോണുകളായി പ്രഖ്യാപിച്ച വാഴോട്ട്കോണം, പൂജപ്പുര, വെള്ളാർ, വാർഡുകളിലെ പുതിയ കണ്ടയിൻമെന്റ് വാർഡുകളിലെ പുതിയ മൈക്രോ കണ്ടയിൻമെന്റ് സോണുകളായ പ്രദേശങ്ങളിലേക്ക് കടന്നുവരുന്ന റോഡുകൾ അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അതേസമയം കോവിഡ് -19 സുരക്ഷാ നിരീക്ഷണത്തിന്റെ ഭാഗമായി സിറ്റി പോലീസ് ഇന്നലെ (20-09-2020) നടത്തിയ പരിശോധനയിൽ വിലക്ക് ലംഘനം നടത്തിയ 23 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്ത 119 പേരിൽ നിന്നും, സാമൂഹിക അകലം പാലിക്കാത്ത 18 പേരിൽ നിന്നുമായി 27,400/- രൂപ പിഴ ഈടാക്കുകയും ചെയ്തു.

വാഴോട്ട്കോണം, പൂജപ്പുര, വെള്ളാർ വാർഡുകളിലെ പുതിയ മൈക്രോ കണ്ടയിൻമെന്റ് സോണുകളായ പ്രദേശങ്ങൾ അടച്ചു.

തിരുവനന്തപുരം നഗരത്തിൽ പുതുതായി മൈക്രോ കണ്ടയിൻമെന്റ് സോണുകളായി പ്രഖ്യാപിച്ച തിരുവനന്തപുരം കോർപ്പറേഷൻ വാഴോട്ട്കോണം വാർഡ്, പൂജപ്പുര വാർഡിൽ പാതിരാപ്പള്ളി റസിഡൻസ് അസോസിയോഷൻ ഏരിയ, വെള്ളാർ വാർഡിൽ പനത്തുറ തീരപ്രദേശം, എന്നിവിടങ്ങളിലേക്ക് കടന്നുവരുന്ന റോഡുകൾ അടച്ച് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഇവിടേയ്ക്ക് ആരെയും പ്രവേശിക്കാൻ അനുവദിക്കില്ല. മെഡിക്കൽ ആവശ്യങ്ങൾക്ക് അല്ലാതെ ആരെയും പുറത്തേക്ക് വിടുന്നതുമല്ല. മെഡിക്കൽ സ്റ്റോറുകൾ ഈ സോണിൽ തുറന്നു പ്രവർത്തിക്കാം. അതുപോലെ പലചരക്ക്, പഴം-പച്ചക്കറി കടകൾ നിശ്ചിതസമയക്രമവും കർശന സുരക്ഷാമാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കാവുന്നതാണ്. ഇവിടങ്ങളിൽ യാതൊരുവിധ ഹോം-ഡെലിവറിയും അനുവദിക്കുന്നതല്ല. അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്കായി മാത്രമേ പുറത്തു പോകുന്നതിനും അകത്തേക്ക് വരുന്നതിനും അനുവദിക്കുകയുള്ളൂ.

കോവിഡ് സുരക്ഷ- കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ ഇന്നലെ (20-09-2020) രോഗ വ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 23 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 119 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 18 പേരിൽ നിന്നുമായി 27,400/- രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 5 വാഹനങ്ങൾക്കെതിരെയും, കോവിഡ് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 2 കടകൾക്കെതിരെയും ഇന്നലെ നിയമ നടപടി സ്വീകരിച്ചു.

കോവിഡ് സമ്പർക്ക വ്യാപനം ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി

20-09-2020

**ഐ ജി പി & കമ്മീഷണർക്ക് വേണ്ടി**

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി